"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ജലവിഭവ വകുപ്പ്- ജലസേചനവകുപ്പിൽ നിന്നും എക്സിക്യൂട്ടീവ് എഞ്ചിനിയർ തസ്തികയിൽ വിരമിച്ച ശ്രീ.എം.എ. ബാബുവിന് പെൻഷനറി ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജലവിഭവ (എ) വകുപ്പ്

സ.ഉ.(സാധാ) നം.178/2026/WRD തീയതി,തിരുവനന്തപുരം, 23-02-2026

പരാമർശം:-
1. മൂവാറ്റുപുഴ വിജിലൻസ് കോടതിയുടെ സി സി 255/2016 നമ്പർ കേസിലെ 28.02.2025 ലെ വിധിന്യായം
2. ചീഫ് എഞ്ചിനീയർ(ഐ&എ)യുടെ 12/06/2025-ലെ CEIA/4734/2023/VIG3 നമ്പർ കത്ത്.

ഉത്തരവ്

ജലസേചന വകുപ്പിൽ മൂവാറ്റുപുഴ, എം.വി.ഐ.പി. ഡിവിഷൻ നമ്പർ 3-ൽ നിന്ന് എക്സി. എഞ്ചിനിയർ തസ്തികയിൽ നിന്ന് വിരമിച്ച ശ്രീ എം എ ബാബുനെതിരെ വി സി 02/2007/ഇകെഎം നമ്പർ വിജിലൻസ് കേസ് നിലവിലുണ്ടായിരുന്നതിനാൽ 90% താൽക്കാലിക പെൻഷൻ മാത്രമാണ് അക്കൗണ്ടന്റ് ജനറലിന്റെ കാര്യാലയത്തിൽ നിന്നും അംഗീകരിച്ച് നൽകിയിരുന്നത് എന്നും ബഹു മൂവാറ്റുപുഴ വിജിലൻസ് കോടതി മുമ്പാകെ വിചാരണയിലുണ്ടായിരുന്ന സി സി 255/2016 നമ്പരായി വിചാരണയിലായിരുന്ന വി സി 02/2007/ഇകെഎം നമ്പർ വിജിലൻസ് കേസ് പരാമർശം(1) ലെ വിധിന്യായ പ്രകാരം ടിയാനെ കുറ്റവിമുക്തനാക്കി തീർപ്പായിരുന്നു എന്നും ഈ സാഹചര്യത്തിൽ തടഞ്ഞ് വച്ചിരുന്ന പെൻഷൻ ആനുകൂല്യങ്ങൾ ടിയാന് അനുവദിക്കുന്ന കാര്യത്തിൽ നിർദ്ദേശം നൽകണമെന്ന് പരാമർശം (2) പ്രകാരം ചീഫ് എഞ്ചിനീയർ(ഐ&എ) അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുവാറ്റുപുഴ എം.വി.ഐ.പി ഡിവിഷൻ നമ്പർ 3-ൽ നിന്ന് എക്സിക്യൂട്ടീവ് എഞ്ചിനിയർ തസ്തികയിൽ വിരമിച്ച ശ്രീ എം.എ. ബാബുവിന് എതിരെയുള്ള വിജിലൻസ് കേസിൽ ബഹു. മൂവാറ്റുപുഴ വിജിലൻസ് കോടതി ടിയാനെ കുറ്റവിമുക്തനാക്കിയിട്ടുള്ള സാഹചര്യത്തിലും, പ്രസ്തുത കോടതി വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യേണ്ടതില്ലായെന്ന്

തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിലും, ടിയാനെതിരെ മറ്റ് വകുപ്പുതല അച്ചടക്ക നടപടികളൊന്നും നിലവിലില്ലാത്ത സാഹചര്യത്തിലും, ടിയാന് അന്തിമ പെൻഷനും മറ്റ് പെൻഷൻ ആനുകൂല്യങ്ങളും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ (ഐ & എ), തിരുവനന്തപുരം.
ബന്ധപ്പെട്ട വ്യക്തിക്ക്(ചീഫ് എഞ്ചിനീയർ (ഐ & എ), തിരുവനന്തപുരം മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ & ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
വിജിലൻസ് വകുപ്പ് (03/09/2025 തീയതിയിലെ VIG-D2/153/2021-VIG
ധനകാര്യ വകുപ്പ് (29/10/2025 തീയതിയിലെ e-3299412/I&PW-A2/496/2025-FIN കുറിപ്പ് പ്രകാരം)
വെബ് ആന്റ് ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sunithakumary S
Date: 23-02-2026 10:48:52
സെക്ഷൻ ഓഫീസർ